**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഗ്രാമപഞ്ചായത്തുകൾ ഗ്രാമവികസന ബോർഡിൽ നിന്നും നഗരസഭകൾ കേരളാ നഗര ഗ്രാമവികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പയുടെ മുതൽ വികസന ഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാ)നം.572/10/ത.സ്വ.ഭ.വ                    തിരുവനന്തപുരം, തീയതി: 22/2/2010.

---

പരാമർശം:- (1) സ.ഉ(സാധാ)നം.620/2009/തസ്വഭവ തീയതി.11/3/2009.
(2) കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 6/1/2010 ലെ KURDFC/A2/DUES/09/249 നമ്പർ കത്ത്.
(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 29/1/2010 ലെ യോഗത്തിലെ 2.85-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാമവികസന ബോർഡിൽ നിന്നും നഗരസഭകൾ കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തുക വാർഷിക പദ്ധതിയിൽപ്പെടുത്തി തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകണമെന്ന് കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ ഗ്രാമവികസന ബോർഡിൽ നിന്നും, നഗരസഭകൾ കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും, വികസന പ്രവർത്തികൾ നടപ്പാക്കുന്നതിനായി എടുത്ത വായ്പയുടെ മുതൽ മാത്രം (Principal Only) 2009-10 വാർഷിക പദ്ധതിയിലെ പൊതുവിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം വിനിയോഗിച്ച് തിരിച്ചടയ്ക്കുന്നതിന്, അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. പലിശ നൽകുന്നതിന് വികസന ഫണ്ട് വിനിയോഗിക്കാൻ പാടില്ല എന്നും സർക്കാർ ഉത്തരവാകുന്നു. 2009-10 വാർഷിക പദ്ധതി ഭേദഗതിചെയ്ത് വിഹിതം കണ്ടെത്താവുന്നതും ഇതിനുള്ള പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ നടപടി ഉത്തരവിന്റെ ഭാഗമാക്കി നടപ്പാക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ ലോക്കൽ അഡ്മിനിസ്ട്രേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ) (എം.ഡി കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം.)
എല്ലാ ടി.എ.ജി ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം.)
എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും. (എം.ഡി കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം.)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (എം.ഡി കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം.)
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും.
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ ഡി.എ / ഡി.ബി / ഡി.സി / ഡി.ഡി / എഫ്.എം സെക്ഷനുകൾക്ക്.